**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3013** **10-03-2025 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവനപദ്ധതിയിലൂടെ നാളിതുവരെ സംസ്ഥാനത്ത് എത്ര മത്സ്യ തൊഴിലാളികൾക്ക് വീട് ലഭിച്ചിട്ടുണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലൈഫ് ഭവനപദ്ധതിയിലൂടെ നാളിതുവരെ എത്ര മത്സ്യത്തൊഴിലാളികൾക്ക് വീട് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് 2018 മുതൽ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതിയിലൂടെ നാളിതുവരെ വീട് ലഭിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികളുടെഎണ്ണം ചുവടെ ചേർക്കുന്നു.<br><br>1. ഭവന നിർമ്മാണം പൂർത്തീകരിച്ച് താമസം തുടങ്ങിയവർ -13,43<br>2. ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉള്ളവർ -2,817<br><br>2016 മുതൽ നാളിതുവരെ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ പുനർഗേഹം ഉൾപ്പെടെയുള്ള വിവിധ ഭവന പദ്ധതികൾ വഴി മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച ഭവനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.<br><br>അനുവദിച്ച ഭവനങ്ങളുടെ എണ്ണം - 7,926<br><br>2016 മുതൽ നാളിതുവരെ ലൈഫ് ഭവന പദ്ധതി, ഫിഷറീസ് വകുപ്പ് വഴിയുള്ള ഭവന പദ്ധതികൾ എന്നിവ വഴി ആകെ 21,365 ഭവനങ്ങൾ അനുവദിച്ച നൽകിയിട്ടുണ്ട്. |
| (ബി) | മത്സ്യതൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും അപകട ഇൻഷ്വറൻസ് ഇപ്പോൾ എത്രയായി ഉയർത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (ബി) | മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു. നിലവിൽ അപകട മരണത്തിനും, അപകടം മൂലം സ്ഥിരമായ പൂർണ്ണ അംഗവൈകല്യത്തിനും 10 ലക്ഷം രൂപയുടെ (പത്ത് ലക്ഷം രൂപ) പരിരക്ഷ നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്.<br><br>പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിനു വേണ്ടി മത്സ്യബോർഡിന്റെ തുടക്കം മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യ/അനുബന്ധ തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയം പൂർണ്ണമായും സർക്കാരിൽ നിന്നും |

നൽകുന്നു. ഇൻഷ്വറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായ തുക ചുവടെ ചേർക്കുന്നു. ഈ നിരക്ക് 17.12.2017 മുതലാണ് പ്രാബല്യത്തിൽ വന്നത്.

| **ക്രമ നം.** | **ഇൻഷ്വറൻസ് പദ്ധതി** | **ധനസഹായ തു** |
|---|---|---|
| 1 | അപകടമരണം | 10 ലക്ഷം രൂപ |
| 2 | മത്സ്യബന്ധന വേളയിൽ അപകടം മൂലം കാണാതാകൽ<br><br>(മത്സ്യത്തൊഴിലാളി കൾക്കു മാത്രം) | 10 ലക്ഷം രൂപ |
| 3 | സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| 4 | സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| 5 | അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളി കളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 5,000/- രൂപ വീതം ഒരാൾക്ക് (പരമാവധി 10,000/- രൂപ) |
| 6 | അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- (പരമാവധി) |
| 7 | ശവസംസ്കാര ചെലവ് | 2,500/- രൂപ |

സെക്ഷൻ ഓഫീസർ